## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2053** **05.05.2017-ൽ മറുപടിയ്ക്ക്**

**ആറളം ഫാമിൽ ആദിവാസികൾക്കായി നിർമ്മിച്ച ഭവനപദ്ധതിയുടെ പരാജയത്തിന് കാരണം**

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആദിവാസികൾക്കായി ആറളം ഫാമിൽ പാർപ്പിടം നിർമ്മിക്കാൻ സംസ്ഥാന നിർമിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നോ; | എ) | ചുമതലപ്പെടുത്തിയിരുന്നു. |
| ബി) | എങ്കിൽ നിർദ്ദേശിച്ച പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടില്ലെന്നത് മാത്രമല്ല നിർമ്മാണം പൂർത്തിയായവയിൽ കക്കൂസും കിണറുമടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താത്തതുമായ സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിൽ നിർമിതി കേന്ദ്രത്തിന് തൊണ്ണൂറ് ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | സി) | കണ്ടെത്തിയിട്ടില്ല.<br>കക്കൂസ്, കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഭവനനിർമ്മാണം നടത്താനാണ് നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിരുന്നത്. എന്നാൽ നിർമ്മിതി കേന്ദ്രം പൂർത്തിയാക്കിയ 361 വീടുകളിൽ കക്കൂസ്, |

| | | | |
|---|---|---|---|
| | | | കിണർ എന്നിവ പണിയാത്തതിനുള്ള തുക തിരികെ അടയ്ക്കാൻ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ആയതു പ്രകാരം 65,52,150/-രൂപ തിരികെ അടച്ചിട്ടുണ്ട്. |
| ഡി) | വ്യക്തമായ പഠനത്തിന്റെയും ആസൂത്രണത്തിന്റെയും അഭാവമാണ് ഭവനപദ്ധതിയുടെ പരാജയത്തിന് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | 400 വീടുകളുടെ നിർമ്മാണത്തിന് ചുമതലപ്പെടുത്തിയതിൽ 361 വീടുകൾ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. വീടിനുള്ളിൽ കക്കൂസ് പണിയുന്നതിന് ഗുണഭോക്താക്കൾക്ക് എതിർപ്പ് ഉണ്ടായതിനാൽ ഒരു ടോയ്‌ലറ്റിന് 7000 രൂപ നിരക്കിൽ ഗുണഭോക്താക്കൾ നേരിട്ട് ചെയ്യുന്നതിന് 53 പേർക്ക് മുഴുവൻ തുകയും 28 പേർക്ക് ഭാഗീകമായും തുക അനുവദിച്ചിരുന്നു. ഒരു കിണർ നിർമ്മിക്കുന്നതിന് 10,330/-രൂപ നിരക്കിൽ 44 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും 91 ഗുണഭോക്താക്കൾക്ക് ഭാഗീകമായും തുക നിർമ്മിതി കേന്ദ്രം അനുവദിച്ചിരുന്നു. നിർമ്മിതി കേന്ദ്രം പണി പൂർത്തീകരിക്കാത്ത വീടുകൾ, കിണർ, ടോയ്‌ലറ്റ് എന്നിവ ഗുണഭോക്താക്കൾ മുഖേന ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു. നിലവിൽ ഗുണഭോക്താക്കൾ നേരിട്ട് ഭവന നിർമ്മാണം നടത്തുന്നതിനാൽ പദ്ധതി പരാജയപ്പെട്ടുവെന്ന് കരുതാനാകില്ല. |

സെക്ഷൻ ഓഫീസർ